# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3225.

19-06-2019 ൽ മറുപടിയ്ക്ക്

## കൃഷി സമ്മാൻ പദ്ധതി

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൃഷിസമ്മാൻ പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ കർഷകർക്ക് പൂർണ്ണതോതിൽ ലഭ്യമായിട്ടുണ്ടോ; | (എ) | പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി സംസ്ഥാനത്തെ കർഷകർക്ക് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 28.46108 ലക്ഷം കർഷകർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ, 10/03/2019 വരെ ലഭിച്ച അപേക്ഷകളിൽ വിവിധ ഘട്ടങ്ങളിലെ പരിശോധന പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് പദ്ധതി പ്രകാരം ഇതിനകം ആനുകൂല്യം നൽകി. |
| (ബി) | ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിരുന്ന ഭൂപരിധി നിയന്ത്രണം കേന്ദ്രസർക്കാർ എടുത്ത് കളഞ്ഞത് സംസ്ഥാനത്തെ എത്ര കർഷകരെ കൂടി ഈ ആനുകൂല്യത്തിന് അർഹരാക്കി; | (ബി) | സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്കുകൾ (2015-16) പ്രകാരം 2 ഹെക്ടറിനും അതിന് മുകളിലും കൃഷിഭൂമി കൈവശമുള്ള 68,876 കർഷകർ സംസ്ഥാനത്ത് ഉള്ളതായി കാണുന്നു. കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിരുന്ന ഭൂപരിധി നിയന്ത്രണം ഒഴിവാക്കിയതിനാൽ, മേൽ വിവരിച്ച കർഷകർക്ക് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ആനുകൂല്യം ലഭിക്കാവുന്നതാണ് എന്നു കണക്കാക്കുന്നു. |
| (സി) | ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഏതൊക്കെ വിഭാഗത്തിനാണ്; | (സി) | ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി(പി.എം.കിസാൻ) എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡ് പ്രകാരം 01-02-2019 തീയതിയിൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് |

അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000/- രൂപ നാലു മാസത്തിലൊരിക്കൽ മൂന്നു തുല്യ ഗഡുക്കളായി നൽകുന്നു.വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടിക വർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.

കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.

ഇപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കർഷക കുടുംബത്തിന്, നിശ്ചിത അപേക്ഷാ ഫോമിന്റെ കൂടെ ആധാർ കാർഡിന്റെയും, കൃഷി ഭൂമിയുടെ കരമടച്ച രസീതിന്റെയും, ബാങ്ക് പാസ് ബുക്കിന്റെയും പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ നൽകാവുന്നതാണ്.

**ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന കുടുംബങ്ങൾ**

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ളവ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

(a) സ്ഥാപനങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All Institutional Land holders).

(b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെ പറയുന്ന വിഭാഗത്തിൽ ഉൾപെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല;

* ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ.

* നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ.

* കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും, തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും. (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )

| | | | |
|---|---|---|---|
| | | | * കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച്, പ്രതിമാസം 10000/- രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ(ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള ).<br>* അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ.<br>* പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്റ്റ്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷനൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്). |
| (ഡി) | കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള നിബന്ധനകൾ സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകരെ ഈ പദ്ധതിയുടെ പുറത്ത് നിർത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇല്ല. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 01-02-2019 തീയതിയിൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് മുകളിൽ സൂചിപ്പിച്ച അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതി പ്രകാരം ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**